# ജാലകം





എ .എച്ച് .എസ് .പേരിൽ മമ്പാട്ടുമൂല

ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2024

എഡിറ്റോറിയൽ ടീം

ചീഫ് എഡിറ്റർ : മുജീബ് റഹ്മാൻ .വി. പി

എഡിറ്റർ :മൂസക്കുട്ടി പി.വി
ഫെമില .പി

സ്റ്റുഡന്റ് എഡിറ്റേഴ്സ്

: നഫ
ഇഫ
ഷംജിദ്
ബിൻഷൻ
ഫർഹ

രൂപ കൽപന : ടീം ലിറ്റിൽ കൈറ്റ്സ്

## എഡിറ്റോറിയൽ

വായന അന്യം നിന്ന് പോകുന്ന ഈ കാലത്ത് വായനയുടെ ലോകത്തേക്ക് ഒരു "ജാലകം" തുറന്ന് വെക്കുന്നു .ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഈ മാഗസിൻ സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ

എഡിറ്റർ

# സന്ദേശം

എ എച്ച് എസ് പാറേൽ മമ്പാട്ടുമൂല സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഭാഗമായി തയ്യാറാക്കിയ ജാലകം എന്ന ഡിജിറ്റൽ മാഗസിൻ വളരെ മികച്ച രീതിയിൽ പൂർത്തിയാക്കിയ കുട്ടികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നതിനോടൊപ്പം എല്ലാ വിധ ആശംസകളും നേരുന്നു.

മുജീബുറഹ്മാൻ വി .പി
ഹെഡ് മാസ്റ്റർ
എ .എച്ച് .എസ് .പേരിൽ മമ്പാട്ടുമൂല

# സന്ദേശം

എ എച്ച് എസ് പാറേൽ മമ്പാട്ടുമൂല സ്ക്രൂളിലെ ലിറ്റിൽ കൈററ്സ് യൂണിറ്റിന്റെ ഭാഗമായി തയ്യാറാക്കിയ ജാലകം എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വളർത്തിയെടുക്കുന്നതിൽ വലിയയ പങ്ക് വഹിക്കുമെന്നതിൽ ഒരു സംശയവുമില്ല .ഇതിന് തയ്യാറായ കുട്ടികൾക്ക് എല്ലാ വിധ ആശംസകളും നേരുന്നു

സയ്യിദ് മുഹമ്മദ് റഫീഖ്
സ്റ്റാഫ് സെക്രട്ടറി

# അകലെ

## DEVIKA P(9D)

ചുറ്റും ഏകാന്തത.മേഘങ്ങൾക്കിടയിൽ സമാധാനം പരത്തികൊണ്ട് പക്ഷികൾ കുട്ടികളിലേക്ക് ചേക്കേറുന്ന . ഏറെ കൗതുകത്തോടെയാണ് നിതാര അതുനോക്കികാണുനന്തു .തന്റെ ചിവിതാനഭവത്തിലഭ്യമാണ് ഇത്രയും വിസ്മയിപ്പിക്കുന്ന സുന്ദര ദൃശ്യം അവളുടെ കണ്ണിൽ പതിയുന്നത് രണ്ടുനാളുകൾക് മുന്നേയാണ് അവൾ മുത്തശ്ശിയുടെ ഗ്രാമത്തിലെത്തുന്നത് .നഗരത്തിൽ ജനിച്ചും ഏഴുവർഷം പിന്നിട്ടിട്ടാണ് ആദ്യമായി മുത്തശിയെ കാണാനെത്തുന്നത് .അതൊരു അവധികാലം .മുത്തശിയെ കണ്ടതുമുതൽ എല്ലാവരിലുമുപരി അവൾക്ക് കിട്ടിയ നല്ലൊരു സുഹൃത്തായിരുന്നു .അതിനമപ്പുറം അവളെ ഏറെ സ്നേഹിച്ചതും അവരായിരുന്നു .തനിക്കൊരു മുത്തശി ഉണ്ടായിരുന്നതുമുതൽ അവളുടെ മനസ്സ് അവരെ കാണുന്നതിനവേണ്ടി തയ്യാറാക്കികൊണ്ടിരുന്നു .ഗ്രഹമീണസൗന്ദര്യം എങ്ങനെയാണെന്നുള്ള ആകാംഷയാണവളെ ഇവിടം കൊണ്ടെത്തിച്ചത് .

നഗരത്തിൽ ജീവിച്ചു പോരുന്ന അവളുടെ മാതാപിതാക്കൾക്ക് ഗ്രാമീണശൈലി ഒട്ടും തന്നെ ഇഷ്ടമായിരുന്നില്ല .പക്ഷെ മകളുടെ ആഗ്രഹത്തിനായി കുറച്ചുനാൾ അവിടം കയ്യൻ അവർതയ്യാറായിരുന്നെു .നഗരത്തിലാണ് നിതാര ജീവിച്ചുപോരുന്നതെങ്കിലും ഗ്രാമീണസൗന്ദര്യം അവളെ ആകർഷിച്ചു .വീടിനമുന്നിലുള്ള കുളത്തിലുടെ ആമ്പൽ പറിക്കാനം പാടത്തിലുടെ ഓടികളിക്കാനം അവൾക്കിഷ്ടമായിരുന്നു. നഗരത്തിൽ ഒരാളുമായി വലിയ അടുപമില്ലാത്ത നാലുചുവരുകള്ളിൽ സ്വന്തം കാര്യം മാത്രം നോകി ജീവിച്ചരുന്ന അവൾക്ക് മുത്തശിയുടെ ഗ്രമത്തിലെത്തിയപ്പോൾ ഉണ്ടായഅനഭുതി തികചും വ്യത്യസ്തമായിരുന്നു .കുറചുനാൾ അവിടെ കഴിഞ്ഞതിൽ ഗ്രാമീണ ശൈലിയോട് ഏറെ അടുക്കാൻ അവൾക്കായിരുന്നു .അവിടെയുള്ള പ്രകൃതിദൃശ്യങ്ങൾ അവളുടെ മനസ്സിന് കുളിർമയേകി .ഗ്രാമത്തിൽ ജനിചുവളർന്നവളാണ് നിതാരയുടെ അമ്മ .എന്നാൽ വിവാഹശേഷം നഗരത്തിലേക്ക് പോവാനിടെയായതോടെയാണ് ഗ്രാമീണസൗന്ദര്യം ആസ്വദിക്കാൻ അവർക്ക് കഴിയാതെ വന്നത് .ഇനിയും എത്ര ദിവസം ഇവിടെ കഴിച്ചുകൂട്ടണമെന്ന ചിന്ത അവരുടെ മനസ്സിനെ വല്ലാതെ അലട്ടികൊണ്ടിരുന്നു .നിവൃത്തികേട് എന്നല്ലാതെ എതു പറയാൻ! മകളുടെ ആഗ്രഹത്തിൻ കാതോർക്കാൻ ഇനി അവർക്കാവുന്നില്ല .പശുത്തൊഴുത്തിന്റെ അഞ്ഞടിക്കുന്ന ഗന്ധം അവരെ വീണ്ടും ഇവിടം വിട്ട് പോവാൻ പ്രേരിപ്പിക്കുന്നു .ചെറുപ്പത്തിൽ പാൽകറക്കുന്നതും കന്നിനെ തീറ്റുന്നതും അവരായിരുന്നു .നഗരജിവതം ഗ്രമിണതയിൽ നിന്ന് എത്രമാത്രം വ്യത്യസ്തമാണ്? അമ്മയിൽ നിന്ന് തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടിൽ ജിവിക്കുന്ന തനിമയെ ഇഷ്ടപ്പെടുന്ന നിതാരയ്ക്ക് ഗ്രാമം വിട്ട് പോകാൻ ഒട്ടും തന്നെ ആഗ്രഹമുണ്ടായിരുന്നില്ല .അമ്മയുടെ നിർബന്ധം :രാത്രി ഉറങ്ങാൻ കിടക്കുന്നതിനമുന്നേ നൊളെപോവുമ്പോൾ കൊണ്ടുപോവുന്ന സാധനങ്ങൾ ഒരുക്കാൻ അവളോട് അമ്മ വന്ന് പറഞ്ഞു .അതവൾക്ക് താങ്ങാവുന്നതിലുമപുറമായിരുന്നു താനിവിടം വിട്ട് പോവുകയാണല്ലോ എന്നോർത്ത് അവൾ തേങ്ങികരഞ്ഞു 'നാളെ ഇവിടം വിട്ട് ഞങ്ങൾ പോവുകയാണ് മുത്തശി' ഉറങ്ങാൻ കിടന്ന മുത്തശിയുടെ കാൽകൽ വന്ന് കരഞ്ഞുപറഞ്ഞു .മുത്തശി ഉറങ്ങിയെന്നുകരിതിയാണ് അവർ അതു പറഞ്ഞു .എന്നാൽ മുത്തശി ഉറങ്ങിയിരുന്നില്ല .അവളെയേറെ വിശമിപ്പിക്കേണ്ട എന്നുകുതി മുത്തശി അനങ്ങാതെ കിടന്നു .ഏറെ നേരം കഴിഞ്ഞാണ് അന്നുരാത്രി അവൾ ഉറങ്ങായത് .ഇനി താനിവിടുന്ന് പോയാൽ അടുത്ത കാലത്തൊന്നും തിരികെ വന്ന് മുത്തശിയെ കാണാനാവില്ലയെന്ന് അവൾക്കറിയാം .മനസിലെ നീറ്റൽ കാട്ടു വള്ളികൾ പോലെ അവളുടെ ചുറ്റും പടർന്നുകൊണ്ടിരിക്കുന്നു.

നേരം പലർന്നു .മനസില്ലാ മനസോടെ മുത്തശിയുട് യാത്ര പറഞ്ഞ് മുറ്റത്ത് നിർത്തിയിട്ട ടാക്സിയിൽ കയറി .വാരാന്തയിൽ വന്ന് മുത്തശി അവളെ നോക്കി .കണ്ണനിർ സൂചിപോലെ പ്രകാശിച്ചു .ടാക്സിപോവുന്നത് നോക്കി അവർ വിരഹമടിക്കി .ദൂരെ ....ടാക്സി മറഞ്ഞുപോയിരികുന്നു.പിറകിൽ നിന്ന് ആരുടേയോ ഒരു ഗദ്ഗദം .മുത്തശി ഇടറി വീണു .പതീയെ മിഴിനിർ കണ്ണടച്ചു .ഏകാന്തനിശ്യസത്തോടെ.....!



# സാമൂഹിക മാധ്യമങ്ങൾ

# ദോഷങ്ങളും ഗുണങ്ങളും

Dilsha.k 9A

ആധുനിക യുഗത്തിൽ വിപ്ലവം സൃഷ്ടിച്ചു മുന്നേറുകയാണ് സാമൂഹിക മധ്യമങ്ങൾ. സെകൻഡുകളിൽ ലോകത്തിലെ ഏത് കോണിലുള്ള ആളുമായി ബന്ധപ്പെടാൻ അവ നമ്മെ സഹായിക്കുന്നു . എന്നാൽ ഈ മാധ്യമങ്ങൾ അനുഗ്രഹമോ ആപത്തോ എന്ന ചോദ്യത്തിന് ഏറെ പ്രസിദ്ധിയുണ്ട്. അറിവും അനുഭവങ്ങളൊക്കെ പങ്കുവെക്കാൻ പുതുതലമുറ മുക്യമായി ആശ്രയിക്കുന്നത് സാമൂഹിക മാധ്യമങ്ങളെയാണ്

.

വാട്സപ്പ് ,ഫേസ്ബുക് ,ട്വിറ്റർ ,ഗൂഗിൾ ,യൂട്യൂബ് ,ഇൻസ്റ്റാഗ്രാം തുടങ്ങി അനേകം സോഷ്യൽ മീഡിയ ആപ്പുകളും മറ്റും നമുക്ക് ലഭ്യമാണ് . നമ്മുടെ ചിന്തകൾ ആശയങ്ങൾ വ്യത്യസ്തമായ വിവരങ്ങൾ എന്നിവ ചുരുങ്ങിയ സമയത്തിനുള്ളിൽ പങ്കിടാൻ കഴിയുന്ന ഒരിടം അതാണ് സാമൂഹിക മാധ്യമങ്ങൾ ഒരുക്കുന്നത് .

കല , വിദ്യാഭ്യാസം ,തൊഴിൽ എന്നീ മേഖലകൾ സാമൂഹിക മാധ്യമങ്ങൾ വളരെയധികം പുരോഗതിയാണ് ഇന്നുണ്ടാകുന്നത് .സോഷ്യൽ മീഡിയ ലോകത്തെ മുഴുവൻ നമ്മുക്ക് പ്രാപ്യമാക്കിയിരിക്കുന്നു .

എന്നാൽ ഈ നേട്ടങ്ങളെല്ലാം ഉണ്ടായിട്ടും സമൂഹത്തിലെ വിനാശകരമായ ശക്തിയിലോണായി സോക്കറിൽ മീഡിയ കണക്കാക്കപെടുന്നു .ഇതിന്റെ ഉപയോഗം നിയന്ത്രിച്ചിട്ടില്ലെകിൽ ഗുരുതരമായ പ്രത്യാകതകൾ ഉണ്ടായേകാം നമ്മുടെ വിലയേറിയ സമയത്തിന്റെ നാലൊരു പങ്ക് സാമൂഹിക മാധ്യമങ്ങൾ കവർന്നുഎടുക്കുക്കയാണ്. അമിതമായ സോഷ്യൽ മീഡിയ ഉപയോഗം നമ്മുടെ ചിവിതക്രമത്തെ ബാധിക്കുന്നു .നന്മയോടെയൊപ്പം ഏറെ ചതികുഴികളുള്ള ഉരു സൈബർ യുഗത്തിലാണ് നാം ജീവിക്കുന്നത് .സോഷ്യൽ മീഡിയ നല്ലതാണ് പക്ഷെ അതിനെ തെറ്റായി ഉബയോഗിക്കുന്നതിലൂടെ വലിയ ദോഷങ്ങൾ ഉണ്ടാകുന്നു

സോഷ്യൽ മീഡിയകളുടെ അമിതമായഉപയോഗം വ്യക്തിസ്വഭാവ രുചികരണത്തെ വളരെ സ്വാധീനിക്കുന്നു .ജീവിധത്തിൽ പറന്നു നടന്നു ജീവിക്കേണ്ട കുട്ടികൾ പൊതു സമൂഹത്തിൽ നിന്നും മാറി അവരവരുടെ ലോകത്തേക്ക് ചുരുങ്ങിജീവിക്കുന്നത് ഇതിന്റെ ഉപയോഗത്തിലൂടെ വർധിക്കുന്നു .ആരെയും വ്യക്തിഹത്യവ നടത്താനും ഏതു കുപ്രചാരണവും നടത്താനുള്ള ഒരവസരമായി ഇന്ന് സോഷ്യൽ മീഡിയ മാറുകയാണ് മോശപ്പെട്ടതോ ദേശവിരുദ്ധമോ അപമാനം വിതറുന്നതോ ആയ

ഏതാശയവും ഇതുവഴി ഇവിടെ വ്യാപിക്കുന്നുണ്ട് വ്യക്തി വിധ്വേഷം തീർക്കാനും രാഷ്ട്രീയ പക പോകാനമൊക്കെ ഇതിന്റെ വളർച്ച ഇടയാകുന്നു.സൈബർ കുറ്റകൃത്യങ്ങളും സൈബർ ഭീഷണികളും വർധിക്കുന്നു ആധുനിക സംവിധാനങ്ങളുടെ വളർച്ച സമൂഹത്തിന് ഗുണകരം തന്നെയാണ് എന്നാൽ ഇതുണ്ടാക്കുന്ന ദോഷഫലങ്ങളെ നേരിടാൻ കരുത്തുറ്റ നിയമങ്ങളും സാമൂഹിക പരിഹാരമാർഗങ്ങളും ഇവിടെ ഫലപ്രദമല്ല ശെരിയും തെറ്റും നമുക്ക് മനസ്സിലാക്കാൻ കഴിയണം .



# പണക്കുടുക്ക

ADITHYA K (9D)

ദൂരെ ഒരു നാട്ടിൽ,അരുവികളും പുഴകളും ഒഴുകുന്ന, കാടും മേടും മരവും പൂവും നിറഞ്ഞ,ഒരു നാട്ടിൻപുറത്തെ നാഗരിക്കാരുടെ ഒരു വീട്ടിൽ സ്വീകരണമുറിയിൽ ഒരുപാട് കളിപ്പാട്ടങ്ങളുണ്ടായിരുന്നു കളിപ്പാട്ടങ്ങൾ മാത്രമല്ല,ചുമരിൽ തൂക്കിയിട്ടിരിക്കുന്ന ചിത്രങ്ങൾ, മേശയ്ക്കുമുകളിൽ വച്ചിരിക്കുന്ന വിളക്ക്, പ്ലാസ്റ്റിക് പൂക്കൾ,എപ്പോഴും "ടിക്,ടിക് "എന്നു ശബ്ദമുണ്ടാക്കികൊണ്ടിരിക്കുന്ന ക്ലോക്ക് അങ്ങെനെ ആ മുറിയിൽ ഒരുപാട് വസ്തുക്കൾ അവരവരുടേതായ ജീവിതം നയിച്ചുവെന്നു .

അലമാരയുടെ ഏറ്റവും മുകളിലായിരുന്നു കളിമണ്ണുകൊണ്ടുണ്ടാക്കിയ പണക്കുടുക്കയുടെ സ്ഥാനം.ഒരു പന്നിയുടെ രൂപമാണ് അവന്.അലമാരയുടെ ഏറ്റവും മുകളിലായതുകൊണ്ട് എല്ലാ കളിപ്പാട്ടങ്ങളെയും നിരീക്ഷിച്ചുകൊണ്ട് അവൻ സമാധാനത്തോടെ കഴിഞ്ഞു.അവയിൽ വെള്ളിയും സ്വർണ്ണസുവർണ്ണവുമായ നാണയങ്ങളാണുള്ളത്.അവന്റെ ഉള്ളിലെ സമ്പത്ത് പുറത്തെടുത്താൽ മുറിയിലെ മറ്റു കളിപ്പാട്ടങ്ങളേക്കാൾ മൂല്യമുണ്ടാകും.അതുകൊണ്ട്തന്നെ അവന് അൽപം അഹങ്കാരം കൂടുതലാണെന്നാണ് മറ്റു കളിപ്പാട്ടങ്ങൾ അവനെ കുറിച്ച് പറയാറുള്ളത്.എങ്കിലും മുകൾ നിലയിലെ സമ്പന്നനായ അവനോട് മറ്റു കളിപ്പാട്ടങ്ങൾ ബഹുമാനത്തോടയേ പെരുമാറിയിരുന്നുള്ളൂ.ആരോടും അങ്ങോട്ടുകയറി മിണ്ടാനൊന്നും അവൻ ശ്രമിച്ചിരുന്നില്ല.

ഒരിക്കൽ മുറിയിലെ എല്ലാവർക്കും ഒരിക്കൽ ഒത്തുകൂടണമെന്ന് അതിയായ ആശ! മനുഷ്യരൊക്കെ ഇടയ്ക്കിടെക്ക് ഒത്തുകൂടി പാട്ടും ഡാൻസുമൊക്കെ നടത്തുന്നത് അവർ കാണാറുണ്ട്. എന്തായാലും കാര്യങ്ങളൊക്കെ പെട്ടന്ന് തീരുമാനിച്ചു. എല്ലാത്തിനും മുൻകൈയ്യെടുത്തത് അലമാരയുടെ രണ്ടാം നിലയിലുണ്ടായിരുന്ന കരടിപ്പാവയാണ്. എല്ലാവരേയും പരിപാടിക്ക് ക്ഷണിച്ചു കഴിഞ്ഞു.ഇനി ബാക്കിയുള്ളത് നമ്മുടെ കരടി പണക്കുടുക്കയാണ് .ധനവാനായ അദ്ദേഹത്തെ മറ്റുള്ളവരെ വിളിച്ചതുപോലെ വിളിക്കുക? ചുരുങ്ങിയത് ഒരു കത്തെങ്കിലും നൽകണം അതാണല്ലോ അതിന്റെ ഒരു രീതി.കടലാസും പേനയും ചേർന്ന് പണക്കുടുക്കക്കുള്ള കത്തു തയ്യാറാക്കി.വായ്ക്കുയുധി നിലച്ച സമയത് മെഴുകുതിരി കത്തിച്ചാണ് കത്തെഴുതിയത് . വായ്ക്കുഴുതി വരുന്നത് വരെ മെഴുകുതിരി പണക്കുടുക്കക്കുള്ള കത്തിനായി അഗ്ന്യാഹുതിരി ചെയ്തു.എഴുതുന്നതിനിടയിൽ പലവട്ടം തെളിയാതെ നിന്ന്പോയ പേനയെ കുറച്ചൊന്നുമല്ല കടലാസ് ചീത്ത വിളിച്ചത് . അങ്ങനെ അവരുടെ പെരിവാടിയുടെ ദിവസം വന്നെത്തി .എല്ലാവരും ഉത്സാഹത്തിൽ തന്നെയായിരുന്നു . പുതിയതായെത്തിയ രണ്ടു പാവക്കുട്ടികൾ അലമാരയുടെ അങ്ങോട്ടുമിങ്ങോട്ടും ഓടി കളിച്ചു.ജാക്കിചാനും സ്പൈഡർമാനും ബലൂണുകൾ വീർപ്പിച്ചു മ്യാവൂ പൂച്ചയും ബൗ ബൗ നായിക്കുട്ടിയും കരടിപ്പാവയും മറ്റു അലങ്കാരപ്പണികൾ ചെയ്തു . ആകെ ഒരു ഉത്സവാന്തരീക്ഷം .

എല്ലാവരും പരസ്പരം പരിചയപ്പെട്ടു പരിചയപ്പെടുത്തുന്ന ചടങ്ങായിരുന്നു ആദ്യം.പരസ്പരം എല്ലവർക്കും അറിയാമായിരുന്നിട്ടും ഓരോരുത്തരും സ്വയം പരിചയപ്പെടുത്തി . ആദ്യം ചുമരിലെ ക്ലോക്ക് സ്വയം പരിചയപ്പെടുത്തി, ആ മുറിയിലെ നിയന്ത്രിക്കുന്നവൻ ആണ് ഞാൻ ."പക്ഷെ ,പത്തു മിനിറ്റ് പതുക്കെയാണല്ലോ താങ്കളുടെ പോക്ക് "എന്ന് ആരോ വിളിച്ചു പറഞ്ഞപ്പോൾ ക്ലോക്ക് ഇളിഭ്യനായി .ആനയുടെ രൂപമുള്ള പാവ ചില മാജിക്കുകളും അവതരിപ്പിച്ചു . അപ്പോഴും വളരെ ഗൗരവത്തോടെ അലമാരയുടെ മുകൾ നിലയിലിരുന്ന് എല്ലാം കണ്ടുകൊണ്ടിരിക്കുകയാണ് നമ്മുടെ പണക്കുടുക്ക.പരിപാടിയിൽ പങ്കെടുക്കാനോ സ്വയം പരിചയപ്പെടുത്താനോ മറ്റുള്ളവരെ പരിചയപ്പെടാനോ അവൻ താല്പര്യം കാണിച്ചില്ല.ദൂരെ എവിടെയോ നടക്കുന്ന എന്തോ ഒരു പരിപാടി എന്ന ഭാവത്തിൽ അവൻ കോട്ടുവാഴയിട്ടും തലചൊറിഞ്ഞും വെറുതെ അങ്ങുമിങ്ങും നോക്കിയിരുന്നു . മറ്റുള്ളവർ ഇടയ്ക്കിടെ പണക്കുടുക്കയെ നോക്കും .അപ്പോഴൊക്കെ തലവെട്ടിച്ച അവൻ ഉറക്കം വരുന്നത്പോലെ അഭിനയിക്കും. പക്ഷെ ,അവൻ പങ്കെടുത്തില്ലെങ്കിലും പരിപാടി ഗംഭീരമായി .പരിപാടി കഴിഞ്ഞപ്പോഴും ചിരിച്ചും കളിപറഞ്ഞുമൊക്കെയാണ് അവർ ഓരോരുത്തരും സ്വന്തം സ്ഥാനത്തെത്തിയത് . പിന്നെയും കുറച്ചു ദിവസങ്ങൾ പതിവുപോലെ കടന്നുപോയി . എല്ലാവരും സ്വന്തം സ്ഥാനത്തു തന്നെയാണ്.,

ഒരു ദിവസം രാവിലെ എന്തോ വലിയ ശബ്ദം കേട്ടാണ് എല്ലാ കളിപ്പാട്ടങ്ങളും നെറ്റിഎഴുനേറ്റത് .എന്താണ് സംഭവിച്ചതെന്ന് ആർക്കും മനസ്സിലായില്ല . കുറച്ച കഴിഞ്ഞപ്പോൾ ക്ലോക്ക് വിളിച്ചുപറഞ്ഞു ; “അയ്യോ! അതാ പണക്കുടുക്ക നിലത്ത് പൊട്ടിച്ചിതറി കിടക്കുന്നു" .എല്ലാവരും ഏന്തിവലിഞ്ഞ് താഴേക്കുനോക്കി.അതെ, പണക്കുടുക്ക തന്നെ . വീട്ടുടമ പണത്തിന് ആവിശ്യം വന്നപ്പോൾ നിലത്തിട്ടുപൊട്ടിച്ചതാണ് പണക്കുടുക്കയെ.അതിലുള്ള വെള്ളിയും സ്വർണവും നാണയങ്ങൾ പെറുക്കിയെടുത്തു വെറും കളിമൺ കഷ്ണങ്ങൾ മാത്രമായ പണക്കുടുക്കയെ അതിന്റെ തുണ്ടുകൾ കാലുകൊണ്ട് മുറിയുടെ മൂലയിലേക്ക് തട്ടിമാറ്റുകയും ചെയ്തിട്ടുണ്ട് .എല്ലാവരും എന്തുചെയ്യണമെന്നറിയാതെ നിന്നു ക്ളോക്ക് അൽപസമയം നിന്നു പോയി. അന്ന് വൈകുന്നേരം തന്നെ പന്നിയുടെ രൂപമുള്ള മറ്റൊരു കുടുക്ക അലമാരയുടെ മുകൾനിലയിൽ സ്ഥാനം പിടിച്ചു .മറ്റു കളിപ്പാട്ടങ്ങൾ പുതിയ പണക്കുടുക്കയെ നോക്കി നിന്നു.അവർ പഴയ ധനവാനായ പണക്കുടുക്കയെ കുറിച്ചോർത്തു സംഘാടത്തോടെ നിന്നു .



# എന്റെ ബാല്യകാലം

മനസ്സിൽ കളങ്കമില്ലാതൊരു ബാല്യകാലോർ-
മകളിലായി ഞാൻ
പുലരിയായാൽ ഉണർന്നമ്മതൻ പൂമടിത്തട്ടിലി-
രുന്നമ്മക്ക് ഉമ്മ കൊടുത്തൊരു ബാല്യകാലം
കുളികഴിഞ്ഞ് വിളക്ക് വെച്ച് കൂട്ടുകാരൊത്ത്
കളിച്ചു നടന്ന കാലം

മുറ്റത്തെ ചക്കര മാവിലെ മാമ്പഴം കല്ലെടുത്തെ-
റിഞ്ഞ് കൂട്ടുകാരൊത്ത് കൊത്തിപ്പറിച്ച്
തിന്ന കാലം. ഊഞ്ഞാലാടിക്കളിച്ച് വീണുരുണ്ട്
കരഞ്ഞും ചിരിച്ചും നടന്ന കാലം

അറിവിനാദ്യാക്ഷരം മെഴുകുതിരിക്കു മുന്നി-
ലിരുന്നു പഠിച്ച കാലം
ഇപ്പോഴും ഞാൻ തിരിച്ചു പോകാൻ
ആഗ്രഹിച്ച എന്റെ ബാല്യകാലം

Hiba sherin . M
9G



# നല്ല നാളെക്കായി

വേനലും ശൈത്യവും
വക വെക്കാതെയാവർ
വിണ്ടു കീറിയ പാതവുമായി
ഉപജീവനതിന്റെ
പാതയിൽ സഞ്ചരിക്കുന്നത്
രാജ്യത്തെ ഊട്ടുവാനും
കൂടിയാണ് പോൽ...

രാജ്യത്തിന്റെ അടിത്തറ
കര്ഷകരാണെന്നോതിയവർ
മുതലാളിത്തത്തിന്റെ
പാദങ്ങൾക് കീഴിലായിരിക്കുന്ന...

കർഷകർ രാജ്യത്തിന്റെ
നട്ടെല്ലാണെന്ന ഘോര ഘോരം
ശബ്ദം മുഴക്കിയവർ
കോർപ്പറേറ്റുകളുടെ
കീഴാളരായിരിക്കുന്നു ...

മുറിവേറ്റ കർഷകർ
നീതി പീടത്തെ കാത്തിരിക്കുന്നുണ്ട്
പട്ടിണിയും കടങ്ങളുമില്ലാതെ
നല്ല നാളെക്കായി ...

Hiba Fathima k 9B



# കൃഷിയുടെ ആവശ്യകതയും പ്രാധാന്യവും

ഒരു രാജ്യത്തിൽ ഏറ്റവും വലിയ സമ്പാദ്യമാണ് ആരോഗ്യമുള്ള ജനത .ശുചിത്തോടു കൂടയൂള്ള ഭക്ഷണ ആരോഗ്യസമ്പന്നമായ ഒരു ജനതയെവാർത്തെടുക്കാൻ .ഒരു രാജ്യത്തിലെ ജനത അവരുടെ പ്രാഥമിക ആവിശ്യങ്ങളിൽ തൃപ്തകരാകുമ്പോൾ മാത്രമാണ് അവർക്ക് വികസനത്തിന്റെ പാതയിലേക്കു കടകനാകുക ഇതിന്റെ ഏറ്റവും അടിസ്ഥാനം കൃഷി തന്നെയാണ് .കൃഷിയിലൂടെ മാത്രമേ ഒരു രാജ്യത്തിന് അതിന്റെ പുരോഗതിയിലേക്ക് എത്താനാകൂ .മനുഷ്യന്റെ നിലനിൽപിന് അത്യാവിഷമായ ഘടകമാണ് ഭക്ഷണം കാലാവസ്ഥയോട് നാം പിണങ്ങിയിട്ട് കാര്യമില്ല .കാലാവസ്ഥയെ കണ്ടറിഞ്ഞ് സാഹചര്യത്തിനനുസരിച് നാം കൃഷിയിറക്കണം .നെൽ കൃഷിയും ഗോതമ്പ് കൃഷിയും അന്യം തിന്നാൽ തകരുന്നത് മാനുഷരുടെ ജീവിതമാണ് .പണ്ട് കാലത്തെ മനുഷ്യർ ചെയ്യിരുന്ന കൃഷിരീതികളിൽ അല്ല നാം പിന്തുടരുന്നത് .പണവും അറിവും ആർജിച്ചതോടെ കൃഷി ഇന്ന് വെറും കൃത്രിമമാണ് .എന്നാൽ പണം എല്ലാത്തിനും പരിഹാരമല്ല എന്ന് നമ്മെ കോവിഡ് കാലം പഠിപ്പിച്ചു .വരുംകാലങ്ങളിൽ ഭക്ഷണ ദാന്യകൾ ഇല്ലകിൽ പിന്നെ പണം കൊണ്ട് എന്താണ് പ്രയോജനം ?അതുകൊണ്ട് തന്നെ ഭൂമിയിൽ മനുഷ്യജീവൻ നിലനിൽക്കുന്നടത്തോളം ക്രഷിയുടെ അവിശ്യകതയും പ്രാധാന്യവും വർദ്ധിച്ച് വരുകയാണ് .തുടർചയായ മഹാ പ്രളയവുംമഴവെള്ളപാച്ചിലും മണ്ണിടിച്ചിലും ഉരുൾപൊട്ടലും കഴിനകുറെ വർഷങ്ങൾ നമ്മുടെ കാർഷിക സമ്പത് വ്യവസ്ഥയെ തകർത്തു കൊണ്ടിരിക്കുന്നു .എന്നാൽ ഈ പ്രതിസന്ധിക്കിടയിലും കൃഷിയെ മുന്നോട്ട് കൊണ്ട് പോകുകയല്ലാതെ നമ്മുടെ മുമ്പിൽ മറ്റു മാർഗമില്ല .ഏതെങ്കിലും ഒരു ദിവസത്തെ മാത്രം ആദരിക്കപ്പെടെണ്ടാവരല്ല കർഷകർ .വർഷം മുഴുവൻ പ്രകൃതിയോട് മല്ലിടുന്ന കർഷകർ എല്ല ദിവസവും ആദരിക്കപെടെണ്ടാവരാണ് .ഒരിക്കൽ ഇന്ത്യയുടെ സംസ്കാരമെന്തെന് ?അതിന് അയാൾ നൽകിയ മറുപടി വളരെ മഹത്തായതായിരുന്നു.

"Agriculture is the culture of India" അതെ കൃഷിയായിരിക്കണം നമ്മുടെ സംസ്കാരം .അതിനായി കൃഷിയെ സ്നേഹിക്കാൻ ഒരുപുതുതലമുറ വളർന്നു വരേണ്ടതുണ്ട് .ഇതിനു മുതൽ കൂട്ടായി നമ്മുടെ സർക്കാർ നടപ്പിലാക്കുന്നു "പുനർജ്ജനി സുദിക്ഷ കേരളം ഹരിതശ്രീ ...."തുടങ്ങി എല്ലാം കാർഷിക വികസനപദാദികളുമാണ് നല്ല രീതിയിൽ മുന്നോട് പോവുകയാണെകിൽ നമ്മുടെ ഭാവിക് അത് സുവർണ്ണ തിളക്കമാകും കാർഷിക സമ്പന്നമായ ഒരു ഭുദ്ധകാലത്തിന്റെ ഉടമകളാണ് നാം ആപാരനമ്പര്യത്തെയും പൈതൃകങ്ങളെയും തിരികെ പിടിക്കാൻ നാം കരുത്തുള്ളവരാവണം .അതെ വരും തലമുറ നമ്മെ ശമ്പിക്കാതിരിക്കാൻ ഇന്ന് നാം പ്രയത്നിക്കുക.

Fathima shahana.n 9.A



# കാലം മാറുമ്പോൾ കോലം മാറുന്നു

'കാലം മാറുമ്പോൾ കോലം മാറുന്നു' എന്ന പഴഞ്ചൊല്ല് നമ്മുക്ക് എല്ലവർക്കും സുപരിചിതമാണ്. നമ്മുടെ കാലം വേഗത്തിൽ മാറുന്നു. അതുകൊണ്ട് കോലവും.

നമുക്കറിയാം കോവിഡ്-19 എന്ന മഹാമാരി നമ്മെ നടുക്കിയതെങ്ങനെ എന്ന്.സ്കൂളുകൾ പോലെയുള്ള പൊതുസ്ഥാപനങ്ങളെല്ലാം അടച്ചിട്ട ഒരു കാലം.ദൈവാനുഗ്രഹത്താൽ അതിനെയെല്ലാം നാം മറികടന്നു .സ്കൂൾ തുറന്നു ,കടകൾ തുറന്നു ,മറ്റും എല്ലാം സാധാരണ പോലെ .പീടിക കോലായിൽ ഇരിക്കുന്ന കാക്കാമാരുടെയും ,കുടുംബശ്രീയിലെയും മറ്റും പരദൂഷണം പറയുന്ന താത്തമാരുടെയും ചർച്ചാവിഷയം 'കോവിഡിന് ശേഷമുള്ള കുട്ടികൾ 'ആയി മാറി .അതെ ,കോവിഡിന് മുമ്പും പിമ്പും ഉള്ള കുട്ടികൾ തമ്മിൽ നല്ല അന്തരമുണ്ടായി.


നാം ആകെ മാറി .കോവിഡ് അവധിക്കാലത്ത് നമ്മുക്ക് കാലം തന്ന പല സാഹചര്യത്തിലും 'Mobile Phone ' മായി അടുക്കാൻ സാഹചര്യം ഒരുക്കിത്തന്നു. അവിടെ ആയിരുന്നു നമ്മുടെ 'Turning point '. നാമറിയാതെ അകപ്പെട്ട ഒരു ഊരാക്കുടുക്ക്.ഒരുപാട് ദുശീലങ്ങൾ നാം ഗ്രഹിച്ചു. അനുസരണ,ദയ,കരുണ എന്നി വാക്കുകളെല്ലാം പലരുടെയും ഡിക്ഷ്ണറിയിൽ നിന്നു തന്നെ മാഞ്ഞു പോയി.പഠനം,പഠിക്കണം എന്ന ചിന്ത നന്നേ മറന്നു. എങ്ങനെയെങ്കിലും വീട്ടിലെത്തി ഫോണിൽ കുത്തണമെന്ന ചിന്ത മാത്രം. ബന്ധങ്ങൾ പലതും മുറിഞ്ഞു.അങ്ങനെ പലതും.

ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം .'Instagram '.ഇൻസ്റ്റാഗ്രാം ഇല്ലാത്തവർ സ്റ്റാൻഡേർഡ് ഇല്ലാത്തവരായി മാറി.ട്രെൻഡിനൊപ്പം നീങ്ങാത്തവർ 'തന്ത vibe ' ഉം 'തള്ള vibe ' ഉം ആയി മാറി.മൂക്കാത്ത ശുണ്ഠി . അങ്ങനെ പലതും. താനുദ്ദേശിക്കുന്നതും തനിക്കുചെയ്യാൻ അവകാശമുണ്ട് എന്ന് പറഞ്ഞു പഠിപ്പിക്കാൻ പലരും കെട്ടിച്ചമച്ചു രംഗത്തിറങ്ങി.അങ്ങനെഎങ്ങനെ മഹാമാരിയെക്കാളും മംഗമായ ചിന്താവികാരങ്ങൾ ഉടലെടുക്കാൻ തുടങ്ങി.'അല്ല'. ഉടലെടുത്ത കഴിഞ്ഞു.മർമ്മ പ്രധാനമായ 'വായന'.'വായന മരിക്കുന്നു' എന്ന പണ്ടാരോ പറഞ്ഞത് സത്യമായി.വായന മരിച്ചിരിക്കുന്നു.പുസ്തകം പോലും പല മീഡിയകളിലൂടെ കാണുകയാണ്.പല പല പേരിലുള്ള യൂട്യൂബ് ചാനലകളിലൂടെ പ്രക്ഷേപണം ചെയ്യുന്ന ക്ലാസ്സുകളിൽ ആശ്രയം കണ്ടത്തി 'നീയെന്താ ശ്രദ്ധിക്കാത്തത് എന്ന ക്ലാസ്സിൽ നിന്നൊരു ടീച്ചർ ചോദിച്ചാൽ അതെല്ലാം യൂട്യൂബിൽ ഉണ്ട് മിസ്സേ... എന്ന് പറയുന്ന ഒട്ടും ബഹുമാനമില്ലാത്തെ വാക്കുകൾ. മുഖത്തടിച്ചു പറയാൻ മടിയില്ലാത്തെ കുട്ടികളായി മാറി.

നാം പത്രങ്ങളിലും ന്യൂസുകളിലും,പല വാർത്തകളും കേൾക്കുന്നു . പക്ഷെ വീണ്ടും വീണ്ടും കേൾക്കുന്ന ഒരു വാർത്തയാണ് ' ആത്മഹത്യാ 'കേസുകൾ .35 ഓ 50 പ്രായമുള്ളവരുമൊന്നുമല്ല . ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലും പഠിക്കുന്ന കുഞ്ഞുകുട്ടികൾ മുതൽ ഒമ്പതാം ക്ലാസും പത്താം ക്ലാസ്സിലുമൊക്കെ പഠിക്കുന്നവർ !!കാരണം ? വേറൊന്നുമല്ല ;ഫോൺ കൊടുക്കാത്തതിന് !!! നാം ഈ തലമുറ അത്രയും മൊബൈൽ ഫോൺ എന്ന യന്ത്രത്തിന് അടിമപ്പെട്ടിരിക്കുന്നു.

മാറ്റം അനിവാര്യമായിരിക്കുകയാണ്. അടുത്ത തലമുറനാമാണെന്ന് തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇങ്ങനെ പോയാൽ 'മനുഷ്യൻ' എന്ന വർഗം നശിച്ചു പോവാൻ അത്ര സമയമൊന്നു വേണ്ടി വരില്ല. ഒത്തു പിടിച്ച നമ്മുക് നല്ല നാളേക്ക് വേണ്ടി പ്രയത്നിക്കാം...ഇല്ലെകിൽ നമ്മുക് തന്നെയാണ് നാശം ...തീർച്ച .


Hudha.K.T9F



# വിജ്ഞാന ദീപം

ആദ്യക്ഷരം തൊട്ട് അറിവിന്റെ ദീപം...
പതിയേ എന്നിൽ കൊളുത്തീ...
കഥകളും കവിതയും കളിയുമെല്ലാം...
എന്നെ പഠിപ്പിച്ച ടീച്ചറമ്മാ...
കൂട്ടുകാരൊത്തു കളിച്ചും ചിരിച്ചും...
ജീവിതമെന്നിൽ പ്രകാശിച്ചു നിന്നു...
കളികളിലൂടെ അറിവുകൾ എന്നെ...
പതിയേ പഠിപ്പിച്ചു ടീച്ചറമ്മാ...
എന്നുമെൻ അറിവിൻ പ്രകാശത്തിനുറവിടമാണ്...
ഇന്നും എന്റെ വിദ്യാലയം......

Fathima Nida K 9G



# മായാജാലം

ഭരണ കൂടങ്ങൾ
മനുഷ്യത്വത്തിന് മുന്നിൽ
പുഞ്ചിരിച്ചു കൊണ്ട്
അണപ്പല്ല് കടിച്ചത്
അണിയാത്ത
മുഖം മുടിയായിരുന്നു
പ്രശംസകൾ നാവിൽ
നിന്ന്
പെയ്തൊഴിഞ്ഞപ്പോൾ
അമർശത്തിന്റെ
മുഖം മൂടിയണിഞ്ഞത്
കണ്ണുകലായിരുന്നു
മുഖഭാവം വരുത്തും
ഭാവഭേദങ്ങളും
വിഷം ചേർത്ത്
മൊഴിയും വാക്കുകളും
എല്ലാം ധരിക്കാതെ അണിയുന്ന
മുഖം മൂടിയുടെ മായാജാലം

Hafeefa M 9B



# മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന പ്രവർത്തി

മനുഷ്യരുടെ ഓരോ പ്രവർത്തി കൊണ്ട് തന്നെയാണ് നമ്മുടെ ലോകം ഇന്ന് നശിച്ച പോവുന്നത്. മനുഷ്യർക്ക് ആഡംബരത്തോടെ ജീവിക്കാനാണ് കൂടുതൽ സ്വാർത്ഥത. അതുകൊണ്ടു തന്നെ ഇന്ന് ട്രെൻഡിനൊത്ത വീടുകളും കാറുകളും മനുഷ്യർ പല മോഡലിൽ ഉള്ളത് ഉപയോഗിക്കുന്നു. മരങ്ങളെയും ചെടികളെയുമെല്ലാം വെട്ടിനിരപ്പാക്കി തങ്ങളുടെ വീടുകൾ അവർ ഉണ്ടാക്കുന്നു വീടിനുചുറ്റും തണലിനായി മരങ്ങൾ നിർത്തുന്നതിന്പകരം വീടിന്റെ ഭംഗി കൂട്ടുന്നതിന് പല തരം ചെടികൾ മാത്രമാണ് ഉപയോഗിച്ച് വരുന്നത്.

വേസ്റ്റുകളും മറ്റു മാലിന്യ വസ്തുക്കൾ പുഴയിലും തോടുകളിലും ഇട്ട് അവ വൃത്തികേടാക്കുന്ന. ഇന്ന് പലതര ഫൈൻ പോലുള്ള കർശന നിയമങ്ങൾ മാലിന്യമിദലിനെ തൊട്ട് വന്നുകൊണ്ടിരിക്കുന്നു എങ്കിലും ജനങ്ങൾ അത് വക വെക്കാതെ വീണ്ടും മാലിന്യമാക്കിക്കൊണ്ടിരിക്കുകയാണ് നമ്മുടെ സമൂഹത്തെ. ഇത്തരത്തിലുള്ള മോശമായ വെള്ളത്തിന്റെ ഉപയോഗം കാരണം ജനങ്ങൾ പല രോഗത്തിനും ഉത്തരവാദികളാകുന്നു. ഇതെല്ലാം ജനങ്ങൾ തന്നെയാണ് അനുഭവിക്കേണ്ടി വരുന്നത്. മരങ്ങൾ മുറിച്ചും വള്ളങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിച്ചും വെരുംനാളുകളിലായി ചൂട് കൂടിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയോട് ഒന്ന് സ്നേഹത്തോടെ പെരുമാറിയാൽ ആരോഗ്യമുള്ള സുഖ സുന്ദരമായ ഒരു ജീവിതം കൂടി കഴിച്ച് കൂട്ടാം.

Fahmida. TP

# ഒരു തുള്ളി തെളിനീർ

കത്തുന്ന വെയിലത്ത് കൂകി പറക്കുമെൻ
ആറ്റക്കിളി  കുഞ്ഞാറ്റക്കിളി

പൊരി വെയിൽ കൊണ്ട് നിൻ-
വറ്റി വരണ്ടൊരു....
പൊൻ ചുണ്ടു കണ്ടു നിൻ അമ്മ നീറി

ഈ വെയിൽ തീ വെയിൽ
പൊള്ളുന്ന പൊരി വെയിൽ-
ഒരു തുള്ളി തെളിനീർ-
ദാഹത്തിനായി നമ്മൾ-
കേഴുന്ന കാലം വരാനിരിപ്പ്-
ആറ്റക്കിളി-കുഞ്ഞാറ്റക്കിളി



# കരിമരുന്നിന്റെ ഗന്ധമുള്ള ഫലസ്തീൻ

കിളി നാഥമില്ലാത്ത ഫലസ്തീൻ മണ്ണിൽ -
വെള്ളരി പ്രാവുകൾ ഒളിച്ചിരിക്കുന്നു.
മജ്ജയുള്ള മനുഷ്യരല്ലേയെന്ന് നിനച് -
ഇടം കൊടുത്തു അന്നാ കൊച്ചുകൂട്ടുകാർ.
ഇന്നിന്റെ നേരങ്ങളിൽ വ്യാപിച്ച ആ കൂട്ടുകാർ -
അരിക്കുന്നു ഫലസ്തീൻ.
വെളിച്ചം നിറഞ്ഞ കുഞ്ഞു മനസ്സുകൾ -
അമ്മ നഷ്ടത്തിൽ രോദനം കൊള്ളുന്നു.
ഇരുട്ട് നിറഞ്ഞ മിഴികളാൽ മരണം -
കാഞ്ഞു കിടക്കുന്ന അന്ധനുമുണ്ടത്ര.
പിഞ്ചോമനയേ കാണാതെ നെട്ടോട്ടമോടുന്ന -
പൊന്നുമ്മയുമുണ്ട്.
മനസ്സിന്റെ മുമ്പിൽ സ്വപ്നങ്ങൾ സൃഷ്ടിച്ച -
വൃദ്ധ തൻ മരണത്തെ മാടി വിളിക്കുന്നു.
കറുത്ത മനസ്സുകൾ ഇത് കാണുന്നുമുണ്ട് -
എന്നിട്ട് രെന്തോ കരി മരുന്ന് മണക്കുന്നു ഫലസ്റ്റീൻ



# നീർമണിമുത്തുകൾ

മേഘപാളികൾ എതിർത്തുമാറി
നീലയാം വാനം കറുത്തുപോയി
പഞ്ഞി മേഘങ്ങളിൽ നിന്നതാ
നീർമണിമുത്തുകൾ താഴേകുതിരുന്നു
തുങ്ങിയാടും  വെള്ളി നൂലുപോലെ

എന്തേ സൂര്യൻ വിരുന്നുപോയി
ലില്ലിയാശങ്ക നിരസിച്ചതാ
പച്ചയുടുപ്പിട്ടൊരു കുന്നുപുല്ല്
നീർമുത്തുകളുടെ  ഈ പുതുവരവിൽ
സന്തോഷിക്കണമെന്നു ചൊല്ലി



വറ്റി വരണ്ട ഭൂമിതൻ   മേനിയെ
പച്ചപ്പുതപ്പാൽ അണിയിച്ചൊരുക്കുന്ന
അമ്മയാം ഭൂമിതൻ മക്കളാകും
സർവ്വ ജീവജാലങ്ങളിൽ ആനന്ദവും
കള കള  ശബ്ദത്താൽ ഒഴുകിയെത്തും
കൊച്ചരുവി തൻ സ്വരലയ മാധുര്യമായ്

RASHIDA SHERIN.P



# പൊന്നൻആമയും ചങ്ങാതിമാരും



മഞ്ചാടികാട്ടിലെ പുഴയുടെ തീരത്തായിന്നു ചിന്നു.ആടും കുഞ്ഞൻ മുയലും ചിണ്ടൻ ചുണ്ടെലിയും ചെല്ലൻ പല്ലിയും ജീവിച്ചിരുന്നത്.അവർ കൂട്ടുകാരായിരുന്നു.ഒരു ദിവസം പുഴയുടെ തീരത്ത് വെള്ളപ്പൊക്കമുണ്ടായി.നാല് കൂട്ടുകാരും രക്ഷപ്പെടാനായി വഴികൾ ചിന്തിച്ചു. കുഞ്ഞൻ പറഞ്ഞു: "എങ്ങനെയെങ്കിലും പുഴയുടെ അക്കരെയെത്തണം, അതേയൊള്ളു രക്ഷപ്പെടാൻ വഴി." പക്ഷേ എങ്ങനെ എത്തും? അപ്പോഴാണ് അതുവഴി പൊന്നൻ ആമ വന്നത്. അവർ ആമയോട് അക്കരെയെത്തിക്കാൻ സഹായം ചോദിച്ചു. പൊന്നൻ പറഞ്ഞു: "അയ്യോ, എനിക്ക് നാലുപേരുടെ ഭാരമൊന്നും താങ്ങാൻ കഴിയില്ല." അവർ പറഞ്ഞു: "പൊന്നൻ ആമേ, ഞങ്ങൾ നാല് പേരുണ്ടെങ്കിലും ഞങ്ങൾക്ക് ഒരേ മനസ്സും ശരീരവുമാണ്. ഞങ്ങൾ ദുഖത്തിലും ഒരുമിച്ചാണ് നിൽക്കാറ്."

ഇതുകേട്ട് ആമ പറഞ്ഞു: "ശെരി, എന്റെ പുറത്ത് കയറിക്കോളൂ. ഞാൻ അക്കരെയെത്തിക്കാം. "ഇത് കേട്ട ആട് ആദ്യം കയറി. പിന്നെ മൂന്നുപേരും അങ്ങനെ അവർ പുഴ കടക്കാൻ തുടങ്ങി. ശക്തമായ ഒഴുക്ക് അനുഭവപ്പെട്ടു. ആമ പറഞ്ഞു: "എനിക്ക് കനത്ത ഭാരം അനുഭവപ്പെടുന്നു. നിങ്ങളിൽ ഒരാൾ വെള്ളത്തിൽ ചാടണം".

ഇതു കേട്ടപ്പോൾ പല്ലിയെ ബാക്കി മൂന്ന് പേരും കൂടി തള്ളിയിട്ടു. കുറച്ചുദൂരം പോയപ്പോൾ ആമ വീണ്ടും പറഞ്ഞു : "നിങ്ങളിലൊരാളെങ്കിലും വെള്ളത്തിൽ ചാടണം. ഇല്ലെങ്കിൽ എല്ലാവരും മുങ്ങിപ്പോവും". ഇതുകേട്ട താമസം ചിണ്ടൻ എലിയെ ആടും മുയലും ചേർന്ന് വെള്ളത്തിലിട്ടു. കൂടാതെ കുഞ്ഞൻ മുഴലിനെ ചിന്നും ആടും വെള്ളത്തിലിട്ടു. എന്നിട്ട് ആട് പറഞ്ഞു : "ഇനി നമുക്ക് സുഗമായി അക്കരെ എത്താം". അപ്പോൾ ആമ ദേഷ്യത്തോടെ പറഞ്ഞു:"നീ നിന്റെ കൂട്ടുകാരെ വഞ്ചിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയാണ്". ഒരുമിച്ച് നിൽക്കാൻ നിങ്ങൾ തെയ്യാറാണെങ്കിൽ ഞാൻ നിങ്ങളെ അക്കരെ എത്തിക്കുമായിരുന്നു. നിനക്ക് രക്ഷപെടാൻ അവകാശമില്ല. നീ നിന്റെ കാര്യം മാത്രമാണ് നോക്കിയത്. അതുകൊണ്ട് ഞാൻ എന്റെ കാര്യം മാത്രം നോക്കി പോകുന്നു. ശേഷം ആമ വെള്ളത്തിൽ മുങ്ങിപ്പൊങ്ങി. ചിന്നു ആടിന്റെ കരച്ചിൽ അന്തരീക്ഷത്തിൽ അലയടിച്ചു.....

# Precious love

Once upon a time in an inner village there lived a family consisting of father, mother and son. The father was
a carpenter. Mother is a house wife. The family survived on the meager income of father. As the son was studying well,
the hope of the family was on him. Mother's death due to cancer shok the family. The son lost hismental state after the death of his mother. Althrough it affevted his studies. But he studied harder than before. He get good marks when his exam result come. His father fulfilled all his little wishes. He grew up and studies hard and got a good rank in the entrence exam. When he grew, his desires also grew up. When he got the entrence rank, his wish was a car. But his father gave his a book. He threw it away in anger and left the house. His father searched for him but coudn't find him.



Then he pursued higher studies and got a good job. Then he got married. After some years he remembered his father.

He felt that he should meet his father and apologize. He and his wife went home to see his father. When he reached his house' no one was there. And when he searched father, he realized that his father had died years ago. He felt very sad when he realized that. He cried a lot. Then he saw the book he had thrown away years ago. When he open the book he car key. When he saw this too, his grief doubled. He burst into tears. Then he went to his father's graveand asked for forgiveness and prayed for his father.

Aifa ashraf

# വേനൽമഴ-ആസ്വാദനം

**ധന്യ ബിബിൻ എഴുതിയ മനോഹരമായ കവിതകളുടെ സമാഹാരമാണ് വേനൽ മഴ.ആകുലതകളും വേദനകളും കൂട്ടിച്ചേർത്ത അക്ഷരങ്ങളാണ് കവിതകളായി പരിണമിച്ചത്.50 കവിതകൾ അടങ്ങിയ പുസ്തകമാണ് വേനൽമഴ.ധന്യയുടെ കവിതകളിൽ നിഷ്കളകഥയാണ് ഒരോ വരികളിലും നമുക്ക് കാണാൻ കഴിയുന്നത്.വായിച്ചു കയിഞ്ഞാൽ വായനക്കാരുടെ മനസ്സിലും കുളിർമയാകും വേനൽ മഴ.**

**പ്രകൃതി സ്നേഹി ആയതുകൊണ്ട് തന്നെ പ്രെകൃതിയെ തൊട്ടുണർത്തുന്ന വരികളാണ് ധന്യ ഇതിൽ വിഭജിച്ചിരിക്കുന്നത്.സാമൂഹികവും രാഷ്ട്രീയവുമായ തലങ്ങളിൽ നിന്നുകൊണ്ട് ചിന്തിച്ചു ഉയർത്തിയിരുന്ന വരികൾ മനുഷ്യമനസിനെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്.പ്രകൃതിക്കും രാഷ്ട്രീയത്തിനപ്പുറം കുടുംബബന്ധങ്ങളെ കൂടുതൽ ദണ്ഡമാകുന്ന തരത്തിലുള്ള വരികൾ നമുക്ക് ഇതിൽ കാണാൻ സാധിക്കുന്നു.**

**ഒന്നാമത് ഭിക്ഷ എന്ന കവിതകളിൽ തോന്നുമെങ്കിലും സാമൂഹത്തിലുള്ള തിമ്പകളെ ഭംഗിയായി വിമർശിച്ചിരിക്കുന്നത് കാണാം.വളെരെയധികം ചിന്തിച്ചു കൊണ്ട് തന്നെ ആയിരിക്കാം കവയിത്രി ഇതിൽ വളെരെയധികം ചോദ്യങ്ങൾ ചോദിക്കുന്നത്.വായനക്കാരുടെ മനസിനെ വേനലിലെ കളിർമഴയായി കോരിത്തരിപ്പിക്കട്ടെ തീർച്ച.**

SHIJISHA.K

(TEACHER)



# RHYTHMS OF LIFE

Can i have one another day?
with no peoples around my play
How can i be a human
when these peoples just kill my face
Every one are playing with their friends
but how can i play cause i don't have friends
Still it's so cool to be an introvert
cause people won't approach you when you won't
But have one or two loyal friends
who you can share every thing with
Live long as you are alive
but don't forget to give a smile
Do things what you like and love
not those what are supposed to do
Be alive and be patient
one day, it will be your day!



# സ്ഥാനമല്ല വിജയം

FADHI PT

ഒരിടത്തൊരിടത്ത് വിജയത്തിന് വേണ്ടി കൊതിക്കുന്ന കായികാഭ്യാസിയായ ഒരു ബാലൻ ഉണ്ടായിരുന്നു.അവൻ വിജയം എന്നാൽ മത്സരത്തിൽ ഒന്നാമനാവുക എന്നത് മാത്രമായിരുന്നു.

ഒരു ദിവസം അവനും മറ്റ് രണ്ടു ചെറിയ കുട്ടികളും കൂടി അവന്റെ ഗ്രാമത്തിൽ വേച്ച് ഒരു ഓട്ടമത്സരം സങ്കടിപിച്ചു ഇന്ന് അവേശേകരമായ മത്സരത്തിൽ സാക്ഷികളാവാൻ വൻ ജനാവലി തന്നെ അവിടെ തടിച്ചുകൂടിരുന്നു കൂട്ടത്തിൽ ഈ മത്സരം കാണാൻ വേണ്ടി ദൂരദിക്കിൽ നിന്നും വന്ന ഒരു ജ്ഞാനിയായ വൃദ്ധൻ ഉണ്ടായിരുന്നു.കാത്തിരുന്ന ആ മത്സരം തുടങ്ങി.തുടക്കത്തിൽ എല്ലാവരും ഒരുപോലെ മുന്നേറിയെങ്കിലു ആ ചെറു ബാലൻ അവന്റെ നിച്ചയാധാരധാവും കഴിവും ശക്തി ഉപയോഗിച്ച് കുതിക്കുകയും ഒന്നാമദത്തുകയും ചെയ്യു.കാണികൾ കാരഗോഷങ്ങളോടെ അവനെ എതിരേറ്റു ആ സമയം സന്തോഷവും കാണിക്കാതെ ജ്ഞാനിയായ ആ വൃദ്ധൻ ശാന്തനായി നിന്നു.എങ്കിലും ആ ബാലൻ അവന്റെ വിജയത്തിൽ അഭിമാനം തോന്നി വീണ്ടും മത്സരം നടത്താൻ തീരുമാനിച്ചു രണ്ട് ശക്തരായ യുവാക്കൾ ആ ചെറു ബാലനോടൊപ്പം മത്സരിക്കാൻ മുന്നോട്ട് വന്നു.മത്സരം തുടങ്ങി.അവൻ തന്നെ വീണ്ടും ഒന്നനമാനത്തുകയും ചെയ്യു.ജനങ്ങൾ വീണ്ടും അവനവേണ്ടി കരഘോഷങ്ങൾ മുഴക്കി.ഒരു സന്തോഷവും കാണിക്കാതെ ജ്ഞാനിയായ ആ വൃദ്ധൻ മാത്രം വീണ്ടും ശാന്തനായി നിന്നു.എങ്കിലും അവന്ന് തന്റെ വിജയത്തിൽ അതിയായ സാദോഷവും അഭിമാനവും തോന്നി.

'അടുത്ത മത്സരം,അടുത്ത മത്സരം!,അവൻ ആർത്തു വിളിച്ചു.ആ സമയം ജ്ഞാനിയായ വൃദ്ധൻ മുന്നോട്ട് വരികയും അവൻ പുതിയ രണ്ട് എതിരാളികളെ കൊടുക്കുകയും ചെയ്യു.

അവശയായ ഒരു മുതിർന്ന സ്ത്രീയും ഒരു അന്ധനും.എന്നതാണിത്? ആ കുട്ടി തമാശരൂപത്തിൽ ചോദിച്ചു ' ഇതൊരു മത്സരമല്ലല്ലേ' അവൻ അത്ഭുതപ്പെട്ടു.

'മത്സരിക്കു' ആ വൃദ്ധൻ പറഞ്ഞു. ആ ബാലൻ മാത്രം ഓടുകയും മത്സരം ഒന്നാമനായി പൂർത്തിയാക്കുകയും ചെയ്യു. മറ്റു രണ്ട് പേര് തുടങ്ങിയേടുത്തു നിൽക്കുകയായിരുന്നു അവൻ സന്തോഷത്താൽ തന്റെ കൈകൾ കാണികൾക്ക് നേരെ വീശി പക്ഷെ, ജനക്കൂട്ടം അവന്റെ വിജയത്തിൽ ഒരു സന്തോഷവും പ്രകടിപ്പിക്കാതെ ശാന്തരായി നിന്നു എന്ത് പറ്റി? എന്തുകൊണ്ടാണ് ആളുകൾ എന്റെ സന്തോഷത്തിൽ പങ്കുചേരാത്തത്? അവൻ ജ്ഞാനിയായ വൃദ്ധനോട് ചോദിച്ചു. വീണ്ടും മത്സരം നടത്താം എന്ന് അദ്ദേഹം മറുപടി പറഞ്ഞു." ഈ സമയം ഞ്ഞിങ്ങൾ മൂന്ന്പേറും ഒരുമിച്ചു മത്സരം പൂർത്തിയാക്കണം"അദ്ദേഹം തുടർന്നു ആ ബാലൻ കുറച്ചു നേരം ആലോചിച്ചു. എന്നിട്ട് കൂടെ മത്സരിക്കുന്ന അവശമായ സ്ത്രീയുടേയും അന്ധനായ യുവാവിന്റെയയും കൈപിടിച്ചു. അവനു വളരെ വളരെ പതിയെ അവരോടൊപ്പം നടന്നു ഫിനിഷിങ് ലൈനിൽ എത്തി. കാണികൾ ഇത്തവണ ആവേശത്തോടെ കാരഘോഷത്തോടെ തന്നെ അവനെ വരവേറ്റു ആ ജ്ഞാനാനിയായ വൃദ്ധൻ അവനെ നോക്കി പുഞ്ചിരിയോടെ തലയാട്ടി . ഈ സമയം അവൻ അതിരുത്തറ്റ സന്തോഷവും അഭിമാനവുമൊക്ക തോന്നി......

അപ്പൂപ്പാ ഞങ്ങളിൽ ആർക്കുവേണ്ടിയാണ് അവർ കയ്യടിക്കുന്നത്? എനിക്ക് മനസ്സിലാവുന്നില്ല. അവൻ അദ്ദേഹത്തോട് ചോദിച്ചു.

അദ്ദേഹം അവന്റെ തോളിൽ കൈയ്‌വച്ച് അവന്റെ കണ്ണുകളിലേക്ക് നോക്കി പതിയെപറഞ്ഞു മകനേ ഇത് വരെ നീ വിജയിച്ചു, മറ്റു മത്സരങ്ങളെക്കാൾ തിളക്കമുള്ളതാണ് ഈ മത്സരത്തിലുള്ള നിന്റെ വിജയം ഇതിൽ അവൻ കൈയ് അടിച്ചത് ഒരു വിജയത്തിന് വേണ്ടിയല്ല.



# വൃദ്ധനൊരു കൈതാങ്ങ്

ഒരു ദിവസം രാവിലെ ഫാത്തിമ എന്ന ഒരു കുട്ടി സ്കൂളിലേക്കു പോകുവായിരുന്നു അങ്ങെനെ ഇരിക്കെ .ശരീരമൊക്കെ മെലിഞ്ഞ് ഒട്ടിയ ഒരു വൃദ്ധനെ കണ്ടു .അവൾ ആ വൃദ്ധന്റെ അടുത്തുചെന്ന് ചോദിച്ചു ."അപ്പുപ്പാ എന്താണ് നിങ്ങളുടെ പേര്? .കുറച്ചു സമയം ആ വൃദ്ധൻ നിശ്ശബ്ദനായിരുന്നു .പിന്നീട് ആ വൃദ്ധൻ പറഞ്ഞു "മോളെ...എന്തേലും തരണേ ?".അവൾ ചോദിച്ചു "അപ്പുപ്പ വിശക്കുന്നുണ്ടോ ഒന്നും കഴിച്ചില്ല...?.അപ്പോൾ അപ്പുപ്പൻ ആ വൃദ്ധൻ പറഞ്ഞു "രണ്ടു ദിവസമായി വെല്ലോം കഴിച്ചിട്ട് ".



അത് കേട്ടപ്പോൾ അവൾക്ക് നല്ലവണ്ണം വിഷമമായി... തനിക് ഏറ്റവും ഇഷ്ടമുള്ള ചോറും ചമ്മന്തിയും കൂടെ വെള്ളവും ആ വൃദ്ധന് അവൾ കൊടുത്തു .ആ വൃദ്ധൻ സന്തോഷത്തോടെ അത് കഴിച്ചു .പിന്നീട് അവൾ ആ വൃദ്ധനോട് ചോദിച്ചു "വയർ നിറഞ്ഞില്ലേ അപ്പൂപ്പാ...?.ആ വൃദ്ധൻ പറഞ്ഞു "നിറഞ്ഞു, വളരെസന്തോഷം .നീ നല്ലകുട്ടിയാ"...വൃദ്ധൻ സങ്കടത്തോടെ പറഞ്ഞു .അപ്പോൾ അവൾ പറഞ്ഞു നേരം വഴുകി ഞാൻ സ്കൂളിലേക്ക് പോവുകയാ ...പിന്നെ കാണാം അപ്പൂപ്പാ...



അവൾ സ്കൂളിൽ വൈകിയാണ് എത്തിയത് അതുകൊണ്ട് സാർ ചോദിച്ചു "എന്താണ് നീ ഇത്ര വൈകിയത് ".അവൾ നടന്നതെല്ലാം പറഞ്ഞു .സാർ അവളെ ക്ലാസിൽ കയറ്റി . പിറ്റേ ദിവസം അവളെ സ്കൂൾ അസംബ്ലിയിലും ,മീറ്റിംഗിലും അവളെ അഭിനന്ദിച്ചു .അവൾ ചെയ്ത നല്ല കാര്യം എല്ലാ കുട്ടികളുമായി പങ്കുവെച്ചു .അവൾക്ക് വളരെ സന്തോഷമായി ,ആഭിമാനിയായി...

കുട്ടുകാരെ ഈ കഥയുടെ ഗുണപാഠം എന്തെന്നാൽ "നാം ഭക്ഷണം പാഴാക്കരുത് .ഭൂമിയിൽ ഭക്ഷണം കിട്ടാത്ത ഒരുപാട് ആളുകളുണ്ട് ഈ ചിന്ത നമുക്ക് എപ്പോഴും വേണം "....

fathima nadha.k

# രാജുവിന്റെ കിച്ചു

ഈ കഥ നടക്കുന്നത് അങ്ങ് ദൂരെ ഒരു പട്ടണത്തിലാണ് .നമ്മുടെ കഥാനായകൻ രാജേഷ് എന്ന രാജു ആകുന്നു. രാജു തന്റെ ജോലികൊണ്ടും ഒറ്റപ്പെടൽകൊണ്ടും ആകെ മൊത്തം നൂൽപൊട്ടിയ പട്ടംപോലെയാണ് അവന്റെ ജീവിതം. അങ്ങെനെയിരിക്കെ രാജുവിന് ഒരു നായക്കുട്ടിയെ വാങ്ങാൻ ആഗ്രഹം തോന്നി .അതു വാങ്ങാനുള്ള കാരണം ഇതാണ് എന്നും രാജു നടക്കാനിറങ്ങുമ്പോൾ വയസ്സായ ഒരാളെ കാണാറുണ്ട് .മുഖത്തെ തെളിച്ചം നഷ്ടപെട്ട ഒരു വൃദ്ധനാകുന്നു അയാൾ. ഒരിക്കൽ നടക്കാനിറങ്ങുമ്പോൾ അയാളെ ഒരു നായകുട്ടിയുടെകൂടെ കണ്ടു മാത്രവുമല്ല അദ്ധേഹം അന്ന് വളരെ സന്തോഷത്തിലായിരുന്നു. തുടർച്ചയായി ഈ കാഴ്ചകണ്ട രാജുവിന് ഒരു നായക്കുട്ടിയെ വാങ്ങാൻ ആഗ്രഹം തോന്നി .



അങ്ങെനെ രാജു ഒരു പെറ്റ്ഷോപ്പിലെത്തി . "എനിക്ക് ഒരു ചെറിയ നായ കുട്ടിയെ വേണം ".
"ഏതു കളർ വേണം? ".
"ഏതായാലും മതി .നല്ല വൃത്തിയും,ഇണങ്ങുന്നതും ആവണം " രാജു പറഞ്ഞു .

അങ്ങെനെ ഇണങ്ങുന്ന ഒരു നായകുട്ടിയെ കിട്ടി .ആദ്യ ദിവസങ്ങളിൽ അതിനോട് കൂട്ടുകൂടാൻ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും പിന്നീട് അത് ശെരിയായി .പതിയെ പതിയെ ആ നായക്കുട്ടി അവന്റെ ജീവിതത്തിലെ ഭാഗമായി.
ഒരു ദിവസം രാജു നായകുട്ടിയോട് പറഞ്ഞു "ഞാൻ നിന്നെ ഇന്നുമുതൽ കിച്ചു എന്ന് വിളിക്കും ".അവൻ നായകുട്ടിയോടൊപ്പം കളിക്കുകയും അവനെ കൊണ്ട് പുറത്തു പോവുകയും ചെയ്യിരുന്നു .മാത്രമല്ല അവൻ കിച്ചുവിന്റെ കൂടെ വളരെ സന്തോഷത്തോടെയായിരുന്നു .കിച്ചു അവനെ അനുസരിക്കുന്ന നല്ലൊരു നായകുട്ടിയായിരുന്നു .അങ്ങെനെ കിച്ചുവിലൂടെ രാജുവിന് അവന്റെ ജീവിതത്തിന് ആർദ്രവും സന്തോഷവും ലഭിച്ചു.

Fathima rinsha.v

# സ്വപ്നയാത്ര

അന്നമ്മയ്ക്ക് ഒന്ന് പുറത്ത് പോകണവമെന്നുണ്ടായിരുന്നു പക്ഷെ ആരുടെയും കൈയില്ലാതെ അവൾക്ക് നടക്കാൻ കഴിയില്ലാ. വയസ്സ് (80)കഴിഞ്ഞു . മകനോടാണെകിൽ പറഞ്ഞിട്ട് കാര്യമില്ല .കുറെ പറഞ്ഞതാണ് പക്ഷെ ഓഫീസിൽ കുറെ പണി ഉണ്ടെന്ന് പറഞ്ഞ് അത് തട്ടിക്കളയും.സൂര്യൻ കടലിൽ മുങ്ങുന്നത് കാണാൻ എന്ത് രസമാണ് ! ആശ മൂത്ത മൂത്ത ഒരു ദിവസം അവൾ മകനോട് പറഞ്ഞു "എത്ര കാലമായി ഞാൻ പറയുന്നു ഒന്ന് കടൽ കാണാൻ കൊണ്ട് പോകാൻ ,എന്റെ കാലം കഴിയാറായി ഈ അവസാനത്തെ ആഗ്രഹമെങ്കിലും ഒന്ന് സാധിച്ചു തന്നുകൂടേ . എന്തെന്നില്ലാത്ത മകൻ അമ്മയോട് ഒരുങ്ങാൻ പറഞ്ഞു . അന്നമ്മക്ക് വിശ്വസിക്കാനായില്ല .വേഗം ഒരുങ്ങി .അപ്പോൾ ഹന്നെ കാറിൽ കയറി .ഇത്രയും കാലത്തെ തന്റെ ആഗ്രാഹം അത് സാധിക്കാൻ പോവുകയാണ് എന്നമ്മ വിചാരിച്ചു . എന്നാൽ മകനെ വിശ്വാസിച് കാറിൽ കയറിയ അമ്മയ്ക്ക് അറിയില്ലായിരുന്നു ഈ യാത്ര തന്നെ ഉപേക്ഷിക്കാനാണെന്ന്.

സ്ഥലമെല്ലാം ആസ്വദിക്കുന്നതിനിടെ, ആ ആസ്വദനം തടഞ്ഞു കൊണ്ട് വണ്ടി ഒരു കെട്ടിടത്തിനു മുന്നിൽ നിന്നു . മകൻ
വളരെ സ്നേഹത്തോടെ അമ്മയെ പിടിച്ച കെട്ടിടത്തിനുള്ളിലേക് കെണ്ടുപോയി . അപ്പോളാണ് അമ്മക്ക് യാഥാർത്യം മനസ്സിലായത് ആ വൃദ്ധയുടെ കണ്ണിൽനിന്ന് കണ്ണീർ വീഴാൻ തുടങ്ങി . അവളുടെ ചുളിഞ്ഞ കാവിൽ നനഞ്ഞു . മകൻ അമ്മയെ ഒന്ന് നോകിയിട്ട് അവിടത്തെ സ്റ്റാഫിനോട് വാതോരാതെ വർത്തമാനം പറഞ്ഞു .തന്നെ പത്തു മാസം വയറ്റിൽ ചുമന്ന് ,പോറ്റി വളർത്തി കൊണ്ട് നടന്ന അമ്മയോട് വിട പറയാതെ അവൻ വൃദ്ധസദനത്തിന്റെ പടിയിറങ്ങി .അന്നുമുത അമ്മ അവരുടെ ജീവിതത്തിൽ നിന്നും മാഞ്ഞു പോയി .

Huda.vp 9G





# <u>മാമ്പഴം</u>

## കവിത-ആസ്വാദനകുറിപ്പ്

വൈലോപ്പിള്ളി ശ്രീധരമേനോന്റെ മനോഹരമായ ഒരു കവിതയാണ് മാമ്പയം.ചെറുപ്പത്തിലെ മരിച്ച് പോയ തന്റെ അനിയനെ പറ്റിയുള്ള ഓർമ്മയാണ് അദ്ദേഹത്തെ ഇത് എഴുതാൻ പ്രേരിപ്പിച്ചത്.ഒരു ഗ്രാമത്തിന്റെ മനോഹാരിത ഈ കവിതയിൽ അദ്ദേഹം വരച്ചുകാട്ടുന്നു.മകനെ നഷ്ട്ടപെട്ട ഒരമ്മയുടെ നൊമ്പരമാണിതിൽ പറയുന്നത്.അങ്കണത്തൈമാവിൽനിന്നാദ്യത്തെ പയംവീഴ്കെ അമ്മതൻ നേത്രത്തിൽ നിന്നുതീർന്നു ചുടുകണ്ണീർ എന്നുതുടങ്ങുന്ന വരികളിൽ അമ്മയുടെ വേദനയുടെ ആയം ഉണ്ട്.വീട്ടുമുറ്റത്തെ മാവിൽ നിന്ന് ആദ്യ മാമ്പയം വീഴുമ്പോൾ അമ്മ കരയുന്നു.നാല് മാസങ്ങൾക് മുമ്പ് മാവ് പൂത്തപ്പോൾ മകൻ പൂക്കുല പൊട്ടിച്ചതിന് അമ്മ മകനെ ശകാരിച്ചു.മാങ്കനി വീഴാൻനേരം ഓടിച്ചെന്നെടുകേണ്ടത് പൂങ്കുല തല്ലുന്നത് തല്ല് കൊള്ളാഞ്ഞിട്ടല്ലേ എന്നാണ് പറയുന്നത്.മാമ്പയക്കാലം വന്ന്പോയേക്കും കുട്ടിമരിച്ചിരുന്നു.

അക്ഷരം കൂട്ടിച്ചൊല്ലാൻ അറിയാത്ത കുട്ടി ആയിട്ട് പോലും അവൻ പറഞ്ഞകാര്യം ശെരിയായിരിക്കുന്നതായി കവി പറയുന്നു.കുട്ടികൾ നിഷ്കളങ്കരാണ്.മാമ്പയം പെറുക്കാൻ ഞാൻ വരുന്നില്ല എന്നാണവൻ പറന്നത്.കുന്നുകളോടുള്ള അമ്മമാരുടെ അളവറ്റ സ്നേഹം കവി വർണിക്കുന്നു.

ആദ്യമായി മാവിൽ നിന്ന് വീണ മാമ്പയം എടുത്ത് വളരെ ഏറെ വിഷമിച്ചു നിൽക്കുന്ന അമ്മ മകനെ നഷ്ടപെട്ട വേദന സഹിക്കാൻ ആവാതെ കരയുകയാണ്.

മാത്രസ്നേഹവും കുട്ടികളുടെ നിഷ്കളകഥയും ഇതിൽ വിവരിക്കുന്നു.കുളിർകാറ്റായി മകന്റെ പ്രാണൻ അമ്മയെ ആശ്ലേശിക്കുന്നതായാണ് അവസാന വരികൾ.

ഗംഗ.എസ് വാര്യർ
9G



# Whispers of Nature

In a garden so small and bright,
Flowers bloom in the soft sunlight,
Butterflies dance, oh so free,
Nature's joy for all to see,

A little bird with a song so sweet,
In the sky, it loves to greet,
Chirping tunes from tree to tree,
A melody for you and me,

Clouds like cotton, fluffy and white,
Paint the day with pure delight,
Raindrops fall, a gentle sound,
Nature's lullaby all round,

Simple joys in each new day,
laughter echoes in a playful way,
In this world of simple glee,
Happiness is just to be...



# ആരാണ് വില്ലൻ ?

എന്തിനാണ് നമ്മൾ വിനോദ യാത്രകൾ പോകുന്നത് .അവിടുത്തെ പ്രകൃതിയെ ആസ്വദിക്കാൻ ,അല്ലെ .മസനഗുഡി വഴി ഊട്ടിയിലേക്ക് പോകുമ്പോഴും പ്രകൃതിയുടെ ഭംഗി തന്നെയാണ് നാം കാണുന്നത് .എന്നാൽ അതെല്ലാം വെട്ടി മാറ്റിയാൽ നാം ആരെങ്കിലും അതുവഴി പോകുമോ...?

മസനഗുഡി പോലെ നമ്മുടെ നാടും ആയിരുന്നേക്കാം ഒരുപക്ഷെ ഒരുപാട് മരങ്ങളും പച്ചപ്പും ഉണ്ടായിരുന്നുവെങ്കിൽ .ഇന്ന് നമുക്ക് അതിന്റെ ഒന്നും ആവശ്യം ഇല്ലല്ലോ... അതുകൊണ്ടല്ലേ മരങ്ങളെല്ലാം വെട്ടി പച്ചപ്പെല്ലാം കളഞ്ഞ് പ്രകൃതിയെ ഉപദ്രവിക്കുന്നത്. വലിയ വലിയ മലനിരകളെല്ലാം കുഴിവെട്ടി റബ്ബറും മറ്റു മനുഷ്യാവശ്യമായതെല്ലാം വെക്കുന്നു .മലകൾക്ക്പോലും താങ്ങാൻ കഴിയാത്തത്ര ഭാരമാണ് വെച്ച് കൊടുക്കുന്നത് .

അപ്പോൾ പ്രകൃതിക്കുമുണ്ട് ചിലതൊക്കെ പ്രവർത്തിക്കാൻ .അതുകൊണ്ടല്ലേ നാടിനെ നടുക്കികൊണ്ട് 2018 ഓഗസ്റ്റ് മാസത്തിൽ ഒരു ദുരന്തമുണ്ടായത് .കേരളം മുഴുവനും വിറച്ചു പോയ 'പ്രളയം '. പലയിടങ്ങളിലും ഉരുൾ പൊട്ടലും മറ്റും .ഒരുപാടുപേർ മരണപെട്ടു മണ്ണിനടിയിൽ പെട്ടവർ ഒരുപാട് . വീടുപോയവർ ,വീട്ടുസാധങ്ങൾ പോയവർ , കൂടപ്പിറപ്പുകൾ പോയവർ അങ്ങനെ എന്തെല്ലാം നാശനഷ്ടങ്ങൾ . ഇതൊക്കെ പ്രകൃതിയെ ഉപദ്രവിച്ചപ്പോഴുണ്ടായ തിരിച്ചടികളാണ് .

"എന്നിട്ടും മാറാത്തവരാണ് മനുഷ്യർ "

ഫാക്ടറികളുടെയും മറ്റും പ്രവർത്തനങ്ങൾ കൂടുന്നത് കാരണം ഇപ്പോൾ Global Warming സംഭവിച്ചു കൊണ്ടിരിക്കുകയാണ് .അതുകൊണ്ട് തന്നെ പ്രകൃതി മറ്റൊരു രീതിയിലാണ് ഇപ്പോൾ പെരുമാറുന്നത് .മഴ തരേണ്ട സമയത്ത് കഠിനമായ ചൂട് തന്നും വേനൽക്കാലത്തെ മഴക്കാലമാക്കിയുമാണ് പ്രകൃതി നമ്മെ സൽക്കരിച്ചുകൊണ്ടിരിക്കുത്.

"സത്യത്തിൽ ഇതിൽ ആരാണ് വില്ലൻ ...?

മനുഷ്യനോ....അതോ പ്രകൃതിയോ..."

പ്രകൃതിയെ ഒന്ന് സംരക്ഷിച്ചുനോക്കൂ ,ചിലപ്പോൾ പ്രകൃതി നമ്മെയും സംരക്ഷിച്ചേക്കാം .

-Sanha.P 9E

